# കേരളസർവകലാശാല

നം.പി.ആർ.140/2021

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

കേരളസർവകലാശാല ജൂലൈ 16, 17 തീയതികളിൽ വർക്കല എസ്.എൻ.കോളേജിൽ വച്ച് നടത്താനിരുന്ന ആറാം സെമസ്റ്റർ ബി.എസ്.സി. ജിയോളജിയുടെ പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം ജൂലൈ 26, 27 തീയതികളിൽ അതേ കോളേജിൽ വച്ച് നടത്തുന്നതാണ്.

കേരളസർവകലാശാല മാർച്ച് 2021 ൽ നടത്തിയ ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബി.എസ്.സി. ഇലക്ട്രോണിക്സ് കോഴ്സിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 22, 23 തീയതികളിൽ അതാത് കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ ബി.എസ്.സി. ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി കോഴ്സിന്റെ ജൂലൈ 21, 22 തീയതികളിൽ നടത്താനിരുന്ന പ്രാക്ടിക്കൽ പരീക്ഷകൾ (കോർ – ബയോകെമിസ്ട്രി, വൊക്കേഷണൽ മൈക്രോബയോളജി) ജൂലൈ 22, 23 തീയതികളിലും, ആറാം സെമസ്റ്റർ ബി.വോക്ക് സോഫ്റ്റ്വെയർ ഡെവലപ്പ്മെന്റ് കോഴ്സിന്റെ ജൂലൈ 21 ന് നടത്താനിരുന്ന പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 24 നും നടത്തുന്നതാണ്. മറ്റു പരീക്ഷകൾ മാറ്റമില്ലാതെ നടക്കും.

### പ്രോജക്ട്/വൈവ

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്.സി. (2018 അഡ്മിഷൻ റെഗുലർ, 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി) മാർച്ച് 2021 പരീക്ഷയുടെ മാത്തമാറ്റിക്സ് പ്രോജക്ട് വൈവ പരീക്ഷ ജൂലൈ 23, 26 തീയതികളിൽ അതാത് കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പുതുക്കിയ ടൈംടേബിൾ/ഹാൾടിക്കറ്റ്

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം ജൂലൈ 23, ആഗസ്റ്റ് 9 തീയതികളിൽ ആരംഭിക്കുന്ന യഥാക്രമം ഒന്ന്, രണ്ട് സെമസ്റ്റർ എം.എ. ഹിസ്റ്ററി (റെഗുലർ, ഇംപ്രൂവ്മെന്റ് ആന്റ് സപ്ലിമെന്ററി) പരീക്ഷകളുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്. ജൂലൈ 23, ആഗസ്റ്റ് 9 തീയതികളിൽ ആരംഭിക്കുന്ന യഥാക്രമം ഒന്ന്, രണ്ട് സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം. (റെഗുലർ, ഇംപ്രൂവ്മെന്റ് ആന്റ് സപ്ലിമെന്ററി) പരീക്ഷകളുടെ ഹാൾടിക്കറ്റുകൾ വിദ്യാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാണ്.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2020 നവംബറിൽ നടത്തിയ എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി. (ബി.എ./ബി.ബി.എ./ബി.കോം.) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി ജൂലൈ 22, 23, 26 തീയതികളിൽ ഇ.ജെ.X (പത്ത്) സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## റിസർച്ച് പോർട്ടൽ നവീകരണം – ഗവേഷക അദ്ധ്യാപക വിവരശേഖരണം – തീയതി നീട്ടി

കേരളസർവകലാശാല റിസർച്ച് പോർട്ടൽ നവീകരിക്കുന്നതിന്റെ ഭാഗമായി സർവകലാശാല അദ്ധ്യാപകന വകുപ്പ് മേധാവികൾക്കും, അംഗീകൃത ഗവേഷണ കേന്ദ്രങ്ങളുടെ തലവൻമാർക്കും അവരുടെ കീഴിലുള്ള ഫെസിലിറ്റി സെന്ററിൽ ഗവേഷക അദ്ധ്യാപകരായി തുടരുന്നവരുടെ പേരുവിവരങ്ങൾ ഓൺലൈനായി സമർപ്പിക്കുവാൻ അവസരം നൽകിയിരുന്നു. പ്രസ്തുത വിവരങ്ങൾ ഇനിയും നൽകിയിട്ടില്ലാത്ത സർവകലാശാല വകുപ്പ് മേധാവികളും, ഗവേഷണ കേന്ദ്രങ്ങളുടെ തലവൻമാരും അവ ജൂലൈ 23 ന് മുൻപായി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

## അഡ്വാൻസ്ഡ് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ – അപേക്ഷ ക്ഷണിച്ചു

കേരളസർവകലശാല ഇംഗ്ലീഷ് പഠനവവിഭാഗം നടത്തുന്ന "APGDEC (അഡ്വാൻസ്ഡ് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ)" എന്ന പാർട്ട് ടൈം സായാഹ്ന കോഴ്സിലേക്ക് (റീ-നോട്ടിഫിക്കേഷൻ) അപേക്ഷ ക്ഷണിച്ചു. യോഗ്യത: അംഗീകൃത സർവകലാശാലയിൽ നിന്ന് ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം. ഫീസ്: 8175/- & പരീക്ഷാഫീസ്, കാലയളവ്: ഒരു വർഷം (തിങ്കൾ മുതൽ വെള്ളി വരെ 5.30 – 7.30). സർവകലാശാല ക്യാഷ് കൗണ്ടറിലോ ഓൺലൈനായോ 30 രൂപ ഒടുക്കിയ ചെലാൻ ഇംഗീഷ് പഠനവകുപ്പിൽ സമർപ്പിച്ച് അപേക്ഷാഫോം കൈപ്പറ്റാവുന്നതാണ്. അപേക്ഷകൾ ജൂലൈ 26 വരെ ഇംഗ്ലീഷ് പഠനവകുപ്പിൽ സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം,
19.07.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**